"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.57/ഡി.സി.1/2025/ തസ്വഭവ
തദ്ദേശസ്വയംഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 21-05-2025

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ് - ഉഷ്ണതരംഗ സാധ്യതയുള്ള സമയങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ - നിർദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- ഉഷ്ണതരംഗ സാധ്യത വിലയിരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 29.03.2025-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

**********************

ഉഷ്ണതരംഗവുമായി ബന്ധപ്പെട്ട നടപടികളിൽ തദ്ദേശസ്വയംഭരണ വകുപ്പാണ് പ്രധാന പങ്കു വഹിക്കേണ്ടത് എന്ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സൂചന പ്രകാരം വിലയിരുത്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഉഷ്ണതരംഗ സാധ്യതയുള്ള സമയങ്ങളിൽ ഉചിതമായ ഇടപെടൽ ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ പ്രധാന മാർക്കറ്റുകൾ, കവലകൾ, ബസ്സ്റ്റാൻഡ് തുടങ്ങി ആളുകൾ കൂടുതൽ സമയം ചെലവഴിക്കാൻ സാധ്യതയുള്ള ഇടങ്ങളിൽ തണ്ണീർ പന്തലുകൾ സ്ഥാപിക്കേണ്ടതാണ്. ഇവിടെ ശുദ്ധമായ വെള്ളം, ORS എന്നിവ നിർബന്ധമായും മോര്, സംഭാരം, ജ്യൂസുകൾ, പഴങ്ങൾ തുടങ്ങിയവയിൽ സാധ്യമായവ പ്രാദേശികമായ ലഭ്യതയ്ക്ക് അനുസരിച്ച് ഒരുക്കണം. തണ്ണീർപന്തലുകളിൽ ആളുകൾക്ക് തണലും വായു സഞ്ചാരവും ഉറപ്പാക്കാൻ സാധിക്കണം. എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമായ രീതിയിലായിരിക്കണം ഇവ ഒരുക്കേണ്ടത്.

2. ഹോട്ടലുടമകൾ, സാമൂഹിക-സാംസ്കാരിക, യുവജന സംഘടനകൾ എന്നിവരുമായെല്ലാം സഹകരിച്ചുകൊണ്ട് യാത്രക്കാർക്ക് ഉൾപ്പെടെ ശുദ്ധമായ കുടിവെള്ള ലഭ്യത വ്യാപകമായി എല്ലായിടത്തും ഉറപ്പാക്കണം.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. ചൂട് മൂലമുള്ള അപകട സാധ്യതകളെക്കുറിച്ചും സുരക്ഷിതമായ രീതികളെക്കുറിച്ചും പ്രത്യേക ഗ്രാമ സഭകളും വാർഡ് കൺവെൻഷനുകളും വിളിച്ചു ചേർത്ത് ആളുകളെ ബോധവൽക്കരിക്കുക. സൂര്യാഘാതം, സൂര്യാതപം സംബന്ധിയായ ബ്രോഷറുകൾ, നോട്ടീസുകൾ, ലഘുലേഖകൾ തുടങ്ങിയവ വിതരണം ചെയ്യുക.

4. പ്രധാന മാർക്കറ്റുകൾ, ട്രാഫിക് സിഗ്നലുകൾ തുടങ്ങിയ ഇടങ്ങളിൽ താൽക്കാലിക മേൽക്കൂര /പന്തൽ ഒരുക്കുക. ഇതിനായി വ്യാപാരികളുടെയും മറ്റ് സുമനസ്സുകളുടെയും സഹായം സ്വീകരിക്കാവുന്നതാണ്.

5. വഴിയോര കച്ചവടക്കാരിലും മറ്റ് വ്യാപാരികളിലും സൂര്യാഘാതത്തെയും ഉഷ്ണകാല ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുക.

6. കൂൾ റൂഫുകൾ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയും സ്വീകരിക്കാവുന്ന മാതൃകകൾ ജനങ്ങളെ പരിചയപ്പെടുത്തുന്ന ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

7. ചൂട് കൂടുതലായി ബാധിക്കാനിടയുള്ള ആളുകൾക്കു (ഉദാഹരണത്തിന്, പ്രായമായവർ, കിടപ്പ് രോഗികൾ, പുറം ജോലിയിൽ ഏർപ്പെടുന്നവർ എന്നിവർക്ക്) ചൂട് വേളയിൽ ഫാനുകളോ മറ്റ് ശീതീകരണ മാർഗ്ഗങ്ങളോ സ്ഥാപിക്കാം. ഭവനരഹിതരായവർക്ക് അഭയം പ്രാപിക്കാൻ ആവശ്യമായ സൗക ര്യമൊരുക്കാം.

8. അലഞ്ഞുതിരിയുന്ന മൃഗങ്ങൾക്കായി കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9. വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ശുദ്ധമായ കുടിവെള്ള സ്രോതസ്സുകൾ ഉറപ്പാക്കുക. കൂടാതെ പുതിയ ജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിനും മഴക്കാലത്ത് മഴവെള്ളം സംഭരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

10. വൃക്ഷങ്ങളും തണലും ഉള്ള പൊതുസ്ഥലങ്ങൾ, പാർക്കുകൾ തുടങ്ങിയവ വിശ്രമത്തിനായി പൊതുജനങ്ങൾക്ക് രൂക്ഷമായ ചൂട് അനുഭവപ്പെടുന്ന 11 മണി മുതൽ 3 മണി വരെ തുറന്ന് കൊടുക്കേണ്ടതാണ്.

11. പൊതുവൃക്ഷങ്ങൾ ഉണങ്ങി പോകുന്നത് ഒഴിവാക്കാൻ വെള്ളമൊഴിക്കാൻ വേണ്ട നടപടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകുക.

12. ആശുപത്രികളിൽ Heat ക്ലിനിക്കുകളുടെ പ്രവർത്തനം ഉറപ്പുവരുത്തുക. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ വേണ്ട മരുന്നുകളും തയ്യാറെടുപ്പുകളും പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തണം.

13. ആശാവർക്കർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടേയും നേതൃത്വത്തിൽ ഒരു സർവെയലെൻസ് ടീമിനെ ഉണ്ടാക്കുകയും ചൂട് കൂടുതൽ ബാധിക്കാനിടയുള്ള വിഭാഗങ്ങളെ കേന്ദ്രീകരിച്ച്കൊണ്ടുള്ള പ്രതിരോധ

പ്രവർത്തനങ്ങൾ നടത്തുക, വിശേഷിച്ചു കിടപ്പ് രോഗികൾ, മാനസികാരോഗ്യ പ്രശ്നമുള്ളവർ തുടങ്ങിയവരുടെ ശരീരത്തിലെ ഇലക്ട്രോലൈറ്റ് ബാലൻസ് പോലെയുള്ളവ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും അവയ്ക്കനുസൃതമായി വേണ്ട പരിചരണം നൽകുക തുടങ്ങിയ ഇടപെടലുകൾ ആസൂത്രണം ചെയ്യുക.

**14.** എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സൂര്യാഘാതത്തിനുള്ള പ്രഥമ ശുശ്രൂഷ നല്ലാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക. മുഴുവൻ ആരോഗ്യ പ്രവർത്തകർക്കും പ്രത്യേകമായ പരിശീലനവും നൽകണം.

**15.** തീപിടുത്ത സാധ്യതയുള്ള ഇടങ്ങൾ ഉദാഹരണത്തിന് കാട് പിടിച്ചു കിടക്കുന്ന പൊതു-സ്വകാര്യ പറമ്പുകൾ എന്നിവ കണ്ടെത്തി, സ്ഥലമുടമകളെ കൊണ്ടോ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയോ കാട് വെട്ടി തീപിടുത്ത സാധ്യത ഒഴിവാക്കുക.

**16.** ചൂട് കൂടുതലുള്ള മാസങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാട്ടർ കിയോസ്‌കുകൾ സ്ഥാപിക്കാൻ മുൻകൈയെടുക്കുക. അതിൽ ജലത്തിന്റെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുക.

**17.** ജലക്ഷാമം നേരിടുന്ന ഇടങ്ങളിൽ അതിനുള്ള പരിഹാരങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യണം. ജലസംഭരണികൾ ശുചീകരിക്കണം. വേനൽമഴയിൽ ലഭിക്കുന്ന പരമാവധി ജലം സംരക്ഷിക്കാനുള്ള നടപടികൾ മുൻകൂറായി സ്വീകരിക്കണം.

**18.** കുളങ്ങൾ, തോടുകൾ തുടങ്ങിയവ വൃത്തിയാക്കി സംരക്ഷിക്കുക.

**19. CWRDM,** മലിനീകരണ നിയന്ത്രണ ബോർഡ്, വാട്ടർ അതോറിറ്റി, കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് , ജലവിഭവ വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ ജലത്തിന്റെ ഗുണമേന്മ പരിശോധിക്കുവാനുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി, തങ്ങളുടെ ജലാശയങ്ങളിലെ വെള്ളത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുക. ഉപേക്ഷിക്കപ്പെട്ട ക്വാറികൾ, മലിനീകരിക്കപ്പെട്ട മഴ ജലസ്രോതസ്സുകൾ തുടങ്ങിയവയെല്ലാം സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് കൊണ്ട് പരിശോധിച്ച് ശുദ്ധീകരിച്ച് ഉപയോഗ യോഗ്യമാക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുക.

**20.** വനാതിർത്തി പങ്കിടുന്ന തദ്ദേശ സ്ഥാപനങ്ങൾ വനംവകുപ്പുമായും ജലവിഭവ വകുപ്പുമായും സഹകരിച്ചു കൊണ്ട് വനത്തിനകത്ത് തന്നെ ജലലഭ്യത വിവിധ മാർഗ്ഗങ്ങളിലൂടെ സജ്ജീകരിക്കാൻ ശ്രമിക്കേണ്ടതാണ്.

**21.** മത്സ്യത്തൊഴിലാളികൾക്കായി താൽക്കാലിക വിശ്രമ കേന്ദ്രങ്ങൾ ഒരുക്കണം. ചൂടു മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് അവർക്കിടയിൽ ബോധവൽക്കരണം നടത്തണം.

**22.** ഓട്ടോ-ടാക്സി ഡ്രൈവർമാർക്ക് അവരുടെ സ്റ്റാന്റുകളിൽ വിശ്രമ സൗകര്യങ്ങൾ ഒരുക്കണം. ഓൺലൈൻ ഭക്ഷണ / മറ്റ് സാധന വിതരണക്കാർക്കും വിശ്രമിക്കാനുള്ള താൽക്കാലിക സൗകര്യങ്ങൾ പ്രധാന റോഡുകളുടെ അരികിലായി ഒരുക്കണം.

**23.** തൊഴിലുറപ്പ് തൊഴിലാളികളുടെ തൊഴിൽസമയം പുനഃക്രമീകരിക്കണം. ഇവരുടെ തൊഴിൽ സ്ഥലങ്ങളിൽ താൽക്കാലിക വിശ്രമ സൗകര്യവും കുടിവെള്ള ലഭ്യതയും, **ORS**-ഉം ഉറപ്പ് വരുത്തേണ്ടതാണ്.
**24.** പൊതു കളിസ്ഥലങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ, പച്ചക്കറി-മത്സ്യ-പലചരക്കു മാർക്കറ്റുകൾ തുടങ്ങിയ മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുക.
**25.** ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ നിർദേശങ്ങൾ നൽകേണ്ടതും തദ്ദേശീയരായ ആളുകളെ പരിശീലിപ്പിക്കേണ്ടതുമാണ്. മുന്നറിയിപ്പുള്ള ഘട്ടങ്ങളിൽ നേരിട്ട് സൂര്യപ്രകാശവുമായി സമ്പർക്കത്തിലുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക.
**26.** പ്രദേശത്തിന്റെ താപനില വിവരങ്ങൾ ശേഖരിച്ചു രേഖപ്പെടുത്തി വയ്ക്കുന്നതിനായി താപനിലമാപിനികളും കാലാവസ്ഥ മാപിനികളും സ്ഥാപിക്കുക.
**27.**പ്രാദേശികമായ സവിശേഷതകളേയും സാഹചര്യങ്ങളെയും ഉൾക്കൊള്ളുന്ന മുന്നറിയിപ്പ് പ്രചാരണ സംവിധാനം സ്ഥാപിക്കുക.
**28.** ഊർജ്ജ സംരക്ഷണ ക്യാംപയിനുകൾ സംഘടിപ്പിക്കുക.
**29.** തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ചൂട് മൂലമുള്ള പ്രശ്നങ്ങളെ നേരിടാനുള്ള പദ്ധതികൾ കൂടി ഉൾപ്പെടുത്തുക.
**30.** നിലവിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാന സർക്കാർ പദ്ധതികൾ, പ്രാദേശിക പ്രോജക്ടുകൾ ഇവയിലെല്ലാം വർദ്ധിക്കുന്ന ചൂടിനെ നേരിടുക എന്നൊരു പരിപ്രേക്ഷ്യം കൂടി ഉൾപ്പെടുത്താൻ ശ്രമിക്കണം.

**<u>ദീർഘകാല പദ്ധതികൾ</u>**

**1.** നഗര താപ ദ്വീപ് (**Urban Heat Island** ) പ്രഭാവം കുറയ്ക്കുന്നതിനും പ്രാദേശിക തണുപ്പിക്കൽ മെച്ചപ്പെടുത്തുന്നതിനും ഹരിത ഇടങ്ങൾ (ഉദാ. പാർക്കുകൾ, മരത്തണലുകൾ) ദീർഘ കാല അടിസ്ഥാനത്തിൽ വികസിപ്പിക്കുക. നഗര ആസൂത്രണ രേഖകൾ തയ്യാറാക്കുമ്പോൾ കാലാവസ്ഥ മാറ്റങ്ങളെ മുൻനിർത്തി (**Risk Informed Planning** ) തയ്യാറാക്കണം.
**2.** പുതിയ കെട്ടിടങ്ങളിലും നവീകരണങ്ങളിലും (ഉദാഹരണത്തിന് പച്ച മേൽക്കൂരകൾ, പ്രതിഫലിപ്പിക്കുന്ന വസ്തുക്കൾ) , നിഷ്ക്രിയ കൂളിംഗ് (**Passive Cooling**) ഡിസൈനുകളും ഊർജ്ജ-കാര്യക്ഷമമായ മാനദണ്ഡങ്ങളും സമന്വയിപ്പിക്കുക. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്തിൽ ഇത്തരം കെട്ടിട നിർമ്മാണ പ്രക്രിയകൾ സംബന്ധിച്ച് അതത് പ്രദേശങ്ങളിലെ തൊഴിലാളികൾക്കും കോൺട്രാക്ടർമാർക്കും ശില്പശാലകൾ നടത്താവുന്നതാണ്. മുറ്റം കോൺ ക്രീറ്റ്/ ഇന്റർ ലോക്ക് ചെയ്യുന്നത് പോലെയുള്ള പ്രവണതകളെ നിരുത്സാഹപ്പെടുത്താവുന്നതാണ്.
**3.** ചൂട് രൂക്ഷമാകുന്ന വരൾച്ച സാഹചര്യങ്ങൾ കണക്കിലെടുത്ത് കാര്യക്ഷമമായ ജല ഉപയോഗത്തിനുള്ള നയങ്ങൾ പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുത്ത് രൂപീകരിക്കുക.

4 . ഊർജ്ജ-കാര്യക്ഷമമായ കൂളിംഗ് സിസ്റ്റങ്ങളുടെ (സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന എയർ കണ്ടീഷനിംഗ്, നിഷ്ക്രിയ കൂളിംഗ് ടെക്നിക്കുകൾ) ഉപയോഗം പ്രോത്സാഹിപ്പിക്കുക. ഇതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിൽ ഇത്തരം സിസ്റ്റങ്ങൾ സ്ഥാപിക്കുകയും അതിന്റെ ഗുണഫലങ്ങൾ പരിചപ്പെടുത്തുകയുമാകാം.

5. നഗരത്തിലെ ചൂട് കുറയ്ക്കാൻ പൊതുസ്ഥലങ്ങളിൽ ചൂട് പ്രതിഫലിപ്പിക്കുന്ന പ്രതലങ്ങൾ (Heat Reflective Surface) പൊതുയിടങ്ങളിൽ നിരത്തുകളിൽ മാറ്റി നിർ മിക്കാം. പെട്ടെന്ന് വളരുന്ന സസ്യങ്ങൾ വെച്ചുപിടിപ്പിക്കാം. കൂടാതെ, മട്ടുപ്പാവിലെ കൃഷിയുടെ പ്രോത്സാഹനം വഴി കെട്ടിടങ്ങളുടെ ഉള്ളിലേക്കു ചൂട് കടക്കുന്നത് കുറയ്ക്കുവാൻ സാധിക്കും. എന്നാൽ അവ കൊതുകുകളേയും മറ്റ് പ്രാണികളേയും ആകർഷിക്കാത്ത തരം ചെടികളാകാൻ ശ്രദ്ധിക്കണം. അതിനായി വിദഗ്ധരെ ഉൾപ്പെടുത്തി ആലോചനകളും പഠനങ്ങളും നടത്തി പ്രദേശത്തിന് സ്വീകാര്യമായ മാതൃക വികസിപ്പിച്ചെടുക്കാനാവണം.

6. ദീർഘകാല അടിസ്ഥാനത്തിൽ പൊതുയിടങ്ങളിലും വഴിയോരങ്ങളിലും തണൽ മരങ്ങൾ നട്ടു പിടിപ്പിക്കാനും നിലവിലുള്ളവയെ കോതിയൊതുക്കി സംരക്ഷിക്കാനുമുള്ള നടപടികൾ പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ടതാണ്. തദ്ദേശീയമായ മരങ്ങൾ നട്ട് പിടിപ്പിക്കാൻ ശ്രമിക്കുക. പ്രധാന റോഡുകളുടെ വശങ്ങളിൽ വെയിൽ രൂക്ഷമാകുന്ന ഉച്ച നേരം റോഡിലേക്ക് തണൽ എത്തുന്ന ദിശയിൽ ക്രമീകരിച്ച് കൊണ്ട് തണൽ വൃക്ഷങ്ങൾ നടാൻ ശ്രദ്ധിക്കണം. തണൽ ലക്ഷ്യമാക്കി നടത്തുന്ന ഇടപെടലുകളിൽ എല്ലാം പൊതുവെയുള്ള കാറ്റിന്റെ ദിശയും നിഴലും തണലും ലഭ്യമാകുന്ന ദിശയുമെല്ലാം കണക്കാക്കി വേണം ഇടപെടലുകൾ നടത്താൻ.

7. തദ്ദേശീയമായ വൃക്ഷതൈകൾ വീട്ടുവളപ്പിൽ നട്ടുപിടിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇവ വീടിനും അയൽവാസികൾക്കും പൊതുവഴികൾക്കും അപകടം ഉണ്ടാക്കാത്ത രീതിയിൽ പരിപാലിക്കാൻ ആവശ്യമായ നിർദേശങ്ങളും നൽകണം.

8. കുടിവെള്ള ക്ഷാമം, കാർഷികാവശ്യത്തിനുള്ള വെള്ളത്തിന്റെ ക്ഷാമം എന്നിവയ്ക്കുള്ള ശാശ്വത പരിഹാരം ഏറ്റവും മുൻഗണനയായി കണ്ടുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യണം.

9. ക്രമാതീതമായ ചൂട് വർദ്ധനവുമായി ബന്ധപ്പെട്ട് മൃഗപരിപാലന-കാർഷിക മേഖലകളിൽ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ മനസ്സിലാക്കി കർഷകരെ ശാക്തീകരിക്കണം. പരിഹാരങ്ങളും ബദൽ മാർഗങ്ങളും കണ്ടെത്തി പ്രോത്സാഹിപ്പിക്കണം.

10. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വികസന രേഖകൾ, മാസ്റ്റർ പ്ലാൻ, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ചൂടിനെ അതിജിവിക്കേണ്ടതിന്റെ ആവശ്യകതയും പൊതുവിൽ ചൂട് കൂടുകയാണ് എന്ന പരിപ്രേക്ഷ്യവും ഉൾപ്പെടുത്തണം.

11. വേനൽക്കാലം അവസാനിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ

വേനൽക്കാല ദുരന്ത ലഘൂകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് സമർപ്പിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്നതിലേക്കായി ചിത്രങ്ങൾ, വീഡിയോകൾ, ചെലവഴിച്ച തുക തുടങ്ങിയ വിവരങ്ങളോടു കൂടിയ റിപ്പോർട്ടുകളാണ് സമർപ്പിക്കേണ്ടത്. ആവശ്യമെങ്കിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിലെ ഡിഎം പ്ലാൻ കോർഡിനേറ്റർമാർ, ജില്ലാ ഹസാർഡ് അനലിസ്റ്റുമാർ എന്നീ സാങ്കേതിക വിദഗ്ധരിൽ നിന്ന് സാങ്കേതിക പിന്തുണ തേടാവുന്നതാണ്.

**SHEEJA R S**

**JOINT SECRETARY**

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I / എഡിറ്റ് II ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 23-05-2025 09:29:25

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്